**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ ഏറ്റെടുത്ത ഭവനശ്രീ വായ്പാ തുക പിൻവലിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം. 249/2017/തസ്വഭവ തിരുവനന്തപുരം, തീയതി,12/12/2017**

---

പരാമർശം:- 1) 31.05.2014 ലെ സ.ഉ.(എം.എസ്)നം.96/2014/തസ്വഭവ ഉത്തരവ്

2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.08.2017 ലെ 4468/സി/09/KSHO നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവു പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും അനുവദിച്ചിരുന്ന ഭവനശ്രീ വായ്പാ തുക സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു. സഹകരണ ബാങ്കുകൾക്ക് നല്കേണ്ടുന്ന 4-ാം ഗഡു തുകയായ 1,32,98,000/- രൂപ(ഒരു കോടി മുപ്പത്തിരണ്ടുലക്ഷത്തി തൊണ്ണൂറ്റിഎട്ടായിരം രൂപ മാത്രം) '2515-00-102-38 സഹകരണ ബാങ്കുകളുടെ ഭവനശ്രീ വായ്പ ഏറ്റെടുക്കൽ (NP)' എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നല്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) കത്തു പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി ഭവനശ്രീ വായ്പയുടെ നാലാം ഗഡു തുകയായ 1,32,98,000/- രൂപ(ഒരു കോടി മുപ്പത്തിരണ്ടുലക്ഷത്തി തൊണ്ണൂറ്റിഎട്ടായിരം രൂപ മാത്രം ) '2515-00-102-38 സഹകരണ ബാങ്കുകളുടെ ഭവനശ്രീ വായ്പ ഏറ്റെടുക്കൽ (NP)' എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല സി.എസ്സ്**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, സഹകരണസംഘം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ref:U O no.dev-2/86/2017-fin(e-479920)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**